"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം സഹകരണ വകുപ്പിൽ കണ്ണൂർ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിൽ സൃഷ്ടിച്ച ക്ലാർക്കിന്റെ താത്കാലിക തസ്തികയ്ക്ക് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.195/2025/GAD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-
1. 24/01/2025 ലെ സ.ഉ.(കൈ) നം. 7/2025/GAD.
2. സഹകരണ സംഘം രജിസ്ട്രാറുടെ 14/04/2025, 10/05/2025 തീയതികളിലെ ആർസിഎസ്/1686/2025-ഇഎ(5) നമ്പർ കത്തുകൾ.
3. 29/07/2025 ലെ സ.ഉ.(കൈ) നം. 101/2025/GAD.
4. സഹകരണ സംഘം രജിസ്ട്രാറുടെ 16/09/2025, 23/09/2025 തീയതികളിലെ ആർസിഎസ്/12013/2025-ഇഎ(5) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിലേക്ക് സഹകരണ വകുപ്പിൽ പരാമർശം (1) പ്രകാരം ആറ് കായികതാരങ്ങളെ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആറ് കായികതാരങ്ങളിൽ സജീവ കായിക രംഗത്ത് തുടരുന്ന രണ്ട് പേർക്ക് വേണ്ടി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളും കായികരംഗത്ത് നിന്നും വിരമിക്കുകയും എന്നാൽ ഒഴിവുകൾ ഇല്ലാത്തതിനാൽ മൂന്ന് കായികതാരങ്ങൾക്കായി താത്കാലിക തസ്തികകളും സൃഷ്ടിക്കാൻ പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം സഹകരണ വകുപ്പിൽ ക്ലാർക്കിന്റെ രണ്ട് സൂപ്പർന്യൂമററി തസ്തികകളും മൂന്ന് താത്കാലിക തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിരുന്നു.

**2.** സഹകരണ വകുപ്പിൽ കണ്ണൂർ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിൽ ക്ലാർക്കിന്റെ താത്കാലിക തസ്തിക സൃഷ്ടിച്ച് നിയമിച്ച ശ്രീമതി ഹൃദ്യ ടി-യെ

ഉൾക്കൊള്ളിക്കുന്നതിനായി ക്ലാർക്കിന്റെ റെഗുലർ ഒഴിവ് ഉണ്ടായിട്ടില്ലായെന്നും, ടിയാൾക്കായി സൃഷ്ടിച്ച താത്കാലിക തസ്തികയുടെ കാലാവധി **19/09/2025** ന് അവസാനിച്ചുവെന്നും, കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അടുത്ത ഒഴിവ് പ്രതീക്ഷിക്കുന്നത് **2025** നവംബർ മാസത്തിലാണെന്നും ആയതിനാൽ ടിയാൾക്ക് വേണ്ടി സൃഷ്ടിച്ചിട്ടുള്ള ക്ലാർക്കിന്റെ താത്കാലിക തസ്തികയ്ക്ക് തുടർച്ചാനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (4) ശിപാർശ പരിഗണിച്ച് പരാമർശം (3) പ്രകാരം സഹകരണ വകുപ്പിൽ കണ്ണൂർ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിൽ ശ്രീമതി ഹൃദ്യ ടി-യ്ക്ക് വേണ്ടി സൃഷ്ടിച്ചിട്ടുള്ള ക്ലാർക്കിന്റെ താത്കാലിക തസ്തികയ്ക്ക് **20/09/2025** മുതൽ **30/11/2025** വരെ മുൻകാല പ്രാബല്യത്തോടുകൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുധ .ബി**

**അഡിഷണൽ സെക്രട്ടറി**

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. ശ്രീമതി ഹൃദ്യ ടി, ക്ലാർക്ക്, സഹകരണ വകുപ്പ്. (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
3. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കണ്ണൂർ, സഹകരണ വകുപ്പ്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (വ്യയം-എ) വകുപ്പ്. (***05/11/2025*** *ലെ* ***EXP-A2/445/2024-FIN*** *പ്രകാരം*)
6. സഹകരണ (എ) വകുപ്പ്.
7. ഐ & പി ആർ ഡി വെബ് & ന്യൂ മീഡിയ. ( *സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി*)
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി**1/157/2025**/പൊഭവ)

*ഉത്തരവിൻ പ്രകാരം*

Signed by
Badusha S
Date: 17-12-2025 14:58:35

*സെക്ഷൻ ഓഫീസർ*